**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5024** **11-08-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ഭക്ഷ്യ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജക മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ൽ അനുശാസിക്കുന്ന എല്ലാ പ്രവർത്തനങ്ങളും വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വാമനപുരം മാവേലി സ്റ്റോർ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി മാവേലി സൂപ്പർ സ്റ്റോറായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, നന്ദിയോട് മാവേലി സ്റ്റോർ, പനവൂർ മാവേലി സ്റ്റോർ എന്നിവയും കെട്ടിടമാറ്റം നടത്തി സപ്ലൈകോ സൂപ്പർ മാർക്കറ്റായി ഉയർത്തി പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാനിരിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | വാമനപുരം മണ്ഡലത്തിൽ കളമച്ചലിൽ പുതിയ മാവേലി സൂപ്പർ സ്റ്റോർ ആരംഭിക്കുന്നതിനായി ഒരു പ്രപ്പോസൽ ലഭ്യമായിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശത്തിന് സമീപസ്ഥലങ്ങളിലെ സപ്ലൈകോ വിൽപ്പനശാലകളുടെ വിവരവും അവയുടെ പ്രതിമാസ വിറ്റുവരവിനെ പ്രസ്തുത പ്രപ്പോസൽ എങ്ങിനെ ബാധിക്കുമെന്നതും, ജീവനക്കാരുടെ ലഭ്യതാ വിവരങ്ങളും പുതിയ വിൽപ്പനശാലകളുടെ വിപണന സാദ്ധ്യതയും കൂടി പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ